"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിലെ നിലയ്ക്കാമുക്ക്, മങ്കഴി എന്നീ പൊതു മത്സ്യമാർക്കറ്റുകളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2428/2024/LSGD തീയതി, തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.04.2024-ലെ LSGD/PD/9180/2024-REV1 നമ്പർ കത്ത് .

2. ചീഫ് എഞ്ചിനീയറുടെ 08.11.2024-ലെ LSGD/PD/26670/2024-DB1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിലെ, 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നിലയ്ക്കാമുക്ക് മാർക്കറ്റിലെ കെട്ടിടനമ്പർ 430 മുതൽ 439 വരെയുള്ള 10 കടമുറികളും 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മങ്കഴി മാർക്കറ്റിലെ കെട്ടിടനമ്പർ 188 മുതൽ 191 വരെയുള്ള 4 കടമുറികളും ജീർണ്ണാവസ്ഥയിലായതിനാലും ഉപയോഗശൂന്യമായതിനാലും പൊളിച്ചു നീക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചു നൽകിയ വാല്യുവേഷൻ കം സർവ്വേ റിപ്പോർട്ട് പ്രകാരം മങ്കഴി മാർക്കറ്റിലെ പൊളിച്ചു മാറ്റേണ്ട കടമുറികളുടെ ആകെ അസസ്സ്ഡ് മൂല്യം 55,077/- രൂപയും ഡിസ്മാന്റ്‌ലിംഗ് ചാർജ്ജ് 1,58,916/- രൂപയുമാണെന്നും നിലയ്ക്കാമുക്ക് മാർക്കറ്റിലെ പൊളിച്ചുമാറ്റേണ്ട കടമുറികളുടെ അസസ്സ്ഡ് മൂല്യം 67,246/- രൂപയും ഡിസ്മാന്റ്‌ലിംഗ് ചാർജ്ജ് 3,37,172/- രൂപയുമാണെന്നും ടി ഉടകയ്ക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും ഡിസ്മാന്റ്‌ലിംഗ് ചാർജ് അസസ്സ്ഡ് മൂല്യത്തേക്കാൾ അധികമായതിനാൽ കടമുറികൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) പ്രസ്തുത കെട്ടിടങ്ങൾ അൺഫിറ്റ് ആണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങൾ പൊളിച്ചു മാറ്റാവുന്നതാണെന്ന് പരാമർശം (2) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നിലയ്ക്കാമുക്ക് മാർക്കറ്റിലെ കെട്ടിടനമ്പർ 430 മുതൽ 439 വരെയുള്ള 10 കടമുറികൾ, ഡിസ്മാന്റ്‌ലിംഗ് ചാർജ്ജ് 3,37,172/- രൂപയിൽ അധികമാകാതെയും 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മങ്കഴി മാർക്കറ്റിലെ കെട്ടിടനമ്പർ 188 മുതൽ 191 വരെയുള്ള 4 കടമുറികൾ, ഡിസ്മാന്റ്‌ലിംഗ് ചാർജ്ജ് 1,58,916/- രൂപയിൽ അധികമാകാതെയും,

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വക്കം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ) (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 11-12-2024 12:04:04
സെക്ഷൻ ഓഫീസർ